**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 857** **24-06-2026-ൽ മറുപടിയ്ക്ക്**

## <u>മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക പദ്ധതി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. ടി. വി. ഇബ്രാഹിം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനപുരോഗതിയ്ക്കും ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് വഴി നിലവിൽ വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** കലാ -കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികളുടെ മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നോ അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ നിന്നോ തുടർ പരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് പരമാവധി 50,000/- രൂപ ധനസഹായം അനുവദിക്കുന്നു.

ദേശീയ / സംസ്ഥാന തലത്തിലുള്ള കായിക മത്സരങ്ങളിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിനു യോഗ്യത നേടിയ ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കൾക്ക് യാത്ര ചെലവിനായി ഒരാൾക്ക് പരമാവധി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു.

**(സി)** ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ പ്രൈമറി വിഭാഗത്തിൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ നിലവിൽ പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നില്ല. എന്നിരുന്നാലും, ഫിഷറീസ് വകുപ്പിനു കീഴിലുള്ള പത്ത് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ ഒരു ഡിവിഷൻ എങ്കിലും ഇംഗ്ലീഷ് മീഡിയമായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനപുരോഗതിയ്ക്കും ഉന്നമനത്തിനുമായി ഫിഷറീസ് വകുപ്പ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം. | പദ്ധതി | ആനുകൂല്യത്തിന്റെ ഇനം |
|---|---|---|
| 1. | പ്രീ-മെട്രിക് വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ലംപ്സംഗ്രാൻഡ് |
| 2 | പോസ്റ്റ്-മെട്രിക് വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ലംപ്സംഗ്രാൻഡ്, സ്കോളർഷിപ്പ്, പോക്കറ്റ്മണി, പോസ്റ്റ് മെട്രിക് മെസ്സ് &റെന്റ്, \| ട്യൂഷൻഫീ, സ്പെഷ്യൽഫീ, പരീക്ഷാ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെലോഷിപ്പുകൾ എന്നിവ |
| 3 | രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി വിദ്യാർഥികളെ ദത്തെടുത്തു ഉന്നത വിദ്യാഭ്യാസം നൽകി വരുന്നു. | പരമാവധി 1 ലക്ഷം രൂപ വരെ |
| 4 | സൗജന്യ മെഡിക്കൽ എൻട്രൻസ്/IIT/NIT എൻട്രൻസ്/ സിവിൽ സർവ്വീസ് എൻട്രൻസ് എന്നിവയ്ക്ക് പരിശീലനം നൽകി വരുന്നു (വിദ്യാതീരം പദ്ധതി) | സംസ്ഥാനത്തെ പ്രമുഖ പരിശീലന സ്ഥാപനങ്ങളിലൂടെയാണ് എല്ലാ പരിശീലനങ്ങളും നടത്തി വരുന്നത്. |
| 5 | കരിയർ ഗൈഡൻസ് ക്ലാസ്സുകൾ (വിദ്യാതീരം പദ്ധതി) | വിദ്യാർഥികൾക്ക് അനുയോജ്യമായ പഠനം, തൊഴിൽ എന്നിവയിൽ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി തീരദേശത്ത് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ കൂടുതലായി പഠിക്കുന്ന വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചു കരിയർ ഗൈഡൻസ് ക്ലാസ്സുകൾ വർഷംതോറും നൽകി വരുന്നു |
| 6 | ജി.ആർ.എഫ്.ടി.എച്ച്. സ്കൂളുകൾ | മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർഥികൾക്ക് സെക്കൻഡറി തലത്തിൽ താമസിച്ചു പഠിക്കുന്നതിനായി 9 തീരദേശ ജില്ലകളിലായി 10 GRFTHS-കൾ പ്രവർത്തിക്കുന്നു. അവിടെ കുട്ടികൾക്ക് ആവശ്യമായ യൂണിഫോം, നോട്ട് ബുക്ക്, ടെക്സ്റ്റ് ബുക്ക്, പേന, പെൻസിൽ, ബാഗ്, ബെഡ്, ബെഡ് ഷീറ്റ്, പില്ലോ കവർ, മറ്റു അവശ്യ വസ്തുക്കളും സൗജന്യമായി നൽകി വരുന്നു. കൂടാതെ സൗജന്യ പഠനയാത്ര (വിമാന മാർഗ്ഗം) കുട്ടികളുടെ മാനസിക ആരോഗ്യം നിലനിർത്തുന്നതിനായി Psychology Counselor ന്റെ സേവനം, സ്മാർട്ട് ക്ലാസ് റൂമുകൾ, ലാബ് സൗകര്യം, ലൈബ്രറി സൗകര്യം, മൈക്രോ |

| | | |
|---|---|---|
| | | ടീച്ചിംഗ്, remedial ടീച്ചിംഗ്, കലാ/കായിക പ്രോത്സാഹനത്തിനായി കോച്ചിംഗ് ക്ലാസ്സുകൾ എന്നിവയും നൽകി വരുന്നു.<br>കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിനായി പോഷക സമൃദ്ധമായ ആഹാരവും വകുപ്പിന്റെ പദ്ധതി പ്രകാരം നൽകി വരുന്നു. |

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി (പിന്നാക്ക വിഭാഗം) ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോട്ടു കൂടി വിദ്യാഭ്യാസ വായ്പ നടപ്പാക്കി വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തോഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 5 വർഷത്തിൽ അധികരിക്കാത്ത സാങ്കേതികവും തൊഴിൽപരവുമായ കോഴ്സുകൾക്കാണ് വായ്പ സഹായം നൽകി വരുന്നത്. എൻ.എം.ഡി.എഫ്.സി പദ്ധതി പ്രകാരം ഇന്ത്യയിൽ തന്നെയുള്ള കോഴ്സുകൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയും ഇന്ത്യയ്ക്ക് പുറത്തുള്ള കോഴ്സുകൾക്ക് പരമാവധി 30 ലക്ഷം രൂപ വരെയും വായ്പ നൽകി വരുന്നു. എന്നാൽ എൻ.ബി.സി.എഫ്.ഡി.സി പദ്ധതി പ്രകാരം പരമാവധി 15 ലക്ഷം രൂപ വരെയാണ് വിദ്യാഭ്യാസ വായ്പ നൽകുന്നത്.

**<u>വിദ്യാഭ്യാസ അവാർഡ് മികവ്</u>**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തോഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക് വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും സ്മരണികയും) നൽകി വരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികളുടെ പഠന പുരോഗതിയും ഉന്നമനവും ലക്ഷ്യം വച്ച് താഴെപ്പറയുന്ന പദ്ധതികൾ മത്സ്യബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

1. എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്.
2. ബിരുദ, ബിരുദാനന്തര പരീക്ഷകളിൽ റാങ്ക് നേടുന്നവർക്ക് ക്യാഷ് അവാർഡ്
3. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത ബോർഡ് അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനായി ധനസഹായം.
4. കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർ പരിശീലനത്തിനു ധനസഹായം നൽകുന്ന പദ്ധതി.
5. അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനു യാത്ര ചെലവിനായി ധനസഹായം.

വി ഇ അബ്ദുൽ ഗഫൂർ
MINISTER
O/O Min Fisheries